പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4664 — 18.05.2017 ൽ മറുപടിക്ക്

## സുരക്ഷാ പരിശോധനയ്ക്കുള്ള പമ്പയിലെ കെട്ടിട നിർമ്മാണം

ചോദ്യം

ശ്രീ.കെ.മുരളീധരൻ
,, വി. എസ്.ശിവകുമാർ
,, കെ.എസ്.ശബരീനാഥൻ
,, തിരുവഞ്ചൂർ രാധാകൃഷ്ണൻ

(എ) സുരക്ഷാ പരിശോധനയ്ക്കായുള്ള, പമ്പയിലെ കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തിൽ ഹൈ പവർ കമ്മിറ്റി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

മറുപടി

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) & (ബി)

സുരക്ഷാ പരിശോധനയ്ക്കായുള്ള പമ്പയിലെ കെട്ടിട നിർമ്മാണത്തിന് (സെക്യൂരിറ്റി കോംപ്ലക്സ്) എസ്റ്റിമേറ്റ് തയ്യാറാക്കി ടെൻഡർ നടപടികൾ സ്വീകരിച്ച് പമ്പയിൽ നിലവിലുള്ള സ്ഥാനത്ത് തന്നെയാണ് നിർമ്മാണം നടത്തുവാൻ തീരുമാനിച്ചിരിക്കുന്നത്. ഈ നിർമ്മാണത്തിന് കേന്ദ്ര വന സംരക്ഷണ നിയമമനുസരിച്ച് സുപ്രീം കോടതിയുടെയും കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെയും അനുമതി ആവശ്യമുണ്ടെന്ന് ചീഫ് വൈൽഡ് ലൈഫ് വാർഡൻ അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡ് ബഹു. കേരള ഹൈക്കോടതിയിൽ ഒരു റിട്ട് ഹർജി ഫയൽ ചെയ്യുകയും പ്രശ്നം ചർച്ചയിലൂടെ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ ബഹു. ഹൈക്കോടതി ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയുണ്ടായി. ഇതു പ്രകാരം ചീഫ് സെക്രട്ടറി ബന്ധപ്പെട്ടവരുടെ യോഗം വിളിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ